(ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംയുക്ത ജല ക്രമീകരണ ബോർഡിന്റെ യോഗങ്ങളിൽ ജലസേചനവകുപ്പ് സ്വീകരിക്കുന്ന യുക്തമായ നിലപാടുകളിലൂടെയും സർക്കാരിന്റെ സമയോചിതവും ശക്തവുമായ ഇടപെടലുകളിലൂടെയും പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം നേടിയെടുക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലവിഹിതം കേരളത്തിന് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും ലഭിച്ചില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർലംഘനംമൂലം വിവിധ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടങ്ങൾ നികത്തുന്നതിലേയ്ക്കായി നഷ്ടപരിഹാരമായി 50 കോടി രൂപ തമിഴ്നാട് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുതുക്കാൻ ടി കരാറിൽ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കരാർ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. 2012-2013 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തമിഴ്നാടിന്റെ കരാർ വ്യവസ്ഥാലംഘനങ്ങൾക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേരളം ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ഇതോടൊപ്പംതന്നെ നിലവിലെ സാഹചര്യത്തിൽ കേരളത്തിനർഹതപ്പെട്ട ജലവിഹിതം കൃത്യമായി നേടിയെടുക്കുന്ന തരത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ചകളിലൂടെ പരസ്പരധാരണയിലെത്തി കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാനുള്ള നടപടികളെപ്പറ്റിയും സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിന് സമഗ്രമായ പരിശോധനയും തുടർ ചർച്ചകളും നടത്തേണ്ടതുണ്ട്.

തിരുവനന്തപുരം-കാസർഗോഡ് ജലപാത

169 (4455) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സർവ്വേ നടത്തിയത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചരക്ക് ഗതാഗതത്തിന് ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമെന്ന നിലയിൽ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ വികസനത്തിന് വിവിധ ഘട്ടങ്ങളിലായി വിവിധ ഭാഗങ്ങളുടെ സർവ്വെ നാറ്റ്പാക്ക്, RITES തുടങ്ങിയ ഏജൻസികളും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും നടത്തിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

1. Development of Inland Water Transport on West Coast Canal (Kovalam-Kottapuram) Techno-economic feasibility report, RITES, 1991.
2. Inland Water Transport on West Coast Canal (Kovalam-Kasargod) Techno-economic feasibility study, RITES, March 1991.
3. Detailed Project Report for Development of IWT on West Coast Canal (Kottapuram- Kollam) along with Champakara and Udyogamandal Canal, final report, RITES, July 1992.
4. Review of Techno-economic feasibility study for Development of IWT on Kollam-Kovalam stretch on West Coast Canal, RITES, August 1994.
5. Environmental Impact Assessment of NW -III, TCS, 1992.
6. Techno-economic feasibility of Kollam-Kovalam, Kottapuram-Kasargod sections of west coast canal in Kerala, NATPAC, 1998.
7. Feasibility study for integrated development of Kottapuram-Chettuva stretch of west coast canal, NATPAC, 2005.
8. Extension of National Waterway No.III towards South of Kollam and towards North of Kottapuram, NATPAC.

LIBRARY ARCHIVES Kerala Legislative Assembly

9. Improvement of Kovalam-Akulam canal stretch in Thiruvananthapuram Region for Inland Navigation, Tourism and recreational purposes, NATPAC, 2013.

10. An Environmental Impact Assessment Study for Mahe-Valapattanam canal, NATPAC, 2004.

(ബി) ഈ പഠന റിപ്പോർട്ടുകളെല്ലാംതന്നെ സ്ഥാപിക്കുന്നത് ജലമാർഗ്ഗമാണ് ചരക്ക് ഗതാഗതത്തിന് ഏറ്റവും ചെലവുകുറഞ്ഞ മാർഗ്ഗമെന്നതാണ്. ഈ ജലപാതയിൽ കേന്ദ്ര ധനസഹായമായ 12-ാം ധനകാര്യകമ്മീഷന്റെയും 13-ാം ധനകാര്യ കമ്മീഷന്റെയും കൂടാതെ നബാർഡിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ഫണ്ടുപയോഗിച്ച്, വിവിധ വികസനപദ്ധതികൾ നടന്നുവരുന്നു.

(സി) കോവളം-നീലേശ്വരം ജലപാത ആകെ നീളം 590 കി. മീറ്ററാണ്. ഇതിൽ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം ജലപാത (168 കി.മീ.)-ക്ക് ഇരുവശങ്ങളിലുള്ള കോവളം-കൊല്ലം ജലപാത (74.18 കി.മി.)യും കോട്ടപ്പുറം-നീലേശ്വരം ജലപാത (348 കി.മീ.)യുമാണ് സംസ്ഥാന ജലപാതകൾ. ഈ ജലപാതകൾ മുഴുവൻ നീളത്തിലും സഞ്ചാരയോഗ്യമാക്കുന്നതിനുള്ള ബാക്കിയുള്ള ചുവടെ ചേർക്കുന്നു.

1. മാഹി-വളപട്ടണം ഭൂമി ഏറ്റെടുക്കൽ, കനാൽ നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ - 1220 കോടി രൂപ

2. വടകര-മാഹി കനാലിനുകുറുകെ പാലങ്ങളുടെയും നടപ്പാലങ്ങളുടെയും നിർമ്മാണം - 98 കോടി രൂപ

3. ഇ.കെ. കനാലിന്റെ പുനരുദ്ധാരണം - . 415 കോടി രൂപ

4. പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണം- 155 കോടി രൂപ

5. അവശേഷിക്കുന്ന ഭാഗങ്ങളുടെ പുനരുദ്ധാരണം - 200 കോടി രൂപ

ആകെ തുക -2088 കോടി രൂപ.

(ഡി) മേൽപ്പറഞ്ഞ തുകയ്ക്ക് നിലവിൽ ധനസഹായം ഒരു ഏജൻസിയിൽനിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly